# കൈത്താക്കാലം ഏഴാം ഞായർ

# വി. ലൂക്കാ 18, 1-8

1. **നന്മ വറ്റിപ്പോയ ന്യായാധിപൻ**

ഇന്ന് കുഞ്ഞുങ്ങളൊടൊക്കെ ഇടപെടുന്നവർക്കറിയാം പഴയ തലമുറയിൽനിന്നൊക്കെ വിഭിന്നമായി നന്മയോട് ആഭിമുഖ്യം കുറഞ്ഞുവരുന്ന ഒരു തലമുറയാണ് നമുക്കു ചുറ്റും. അധ്യാപകരോടോ മാതാപിതാക്കളോടോ കുഞ്ഞുങ്ങളോട് ഇടപെടുന്നവരോടോ ചോദിച്ചു നോക്കുക, നിസ്സാരമായ ഒരു നന്മ സഹോദരനോ കൂട്ടുകാരനോ മുതിർന്നവർക്കോ ചെയ്തുകൊടുക്കാൻ പോലും മടിക്കുന്ന അത്രമേൽ സ്വാർത്ഥമതികളായ ഒരു തലമുറയാണ് നമുക്കു ചുറ്റും വളർന്നു വരുന്നത്. എന്തുകൊണ്ടാണ് കുഞ്ഞുങ്ങൾക്ക് ഇങ്ങനെ സംഭവിക്കുക.

സാധ്യമായ നന്മ ചെയ്യാൻ മടിക്കുന്ന ഒരു ന്യായാധിപനെയാണ് സുവിശേഷത്തിലും നാം പരിചയപ്പെടുക. അയാൾക്കു സമ്പത്തും അധികാരവും ഒക്കെ ഉണ്ടായിട്ടും. നിസ്സാരപ്പെട്ട ഒരു ഉപകാരം വിധവയ്ക്കു കൊടുക്കാൻ അയാൾ വീണ്ടും വീണ്ടും കാലതാമസം വരുത്തുക യാണ്. എന്താണ് ഇതിനു കാരണമെന്ന് സുവിശേഷംതന്നെ വ്യക്തമാക്കുന്നുണ്ട്.

a) ദൈവത്തെ ഭയപ്പെടാത്ത ന്യായാധിപൻ
b) മനുഷ്യരെ മാനിക്കാത്ത ന്യായാധിപൻ

ഇവയാണ് നന്മ ചെയ്യുന്നതിൽനിന്നും ന്യായാധിപനെ തടസ്സപ്പെടുത്തിയിരുന്ന രണ്ടു കാരണങ്ങൾ.

**ഒരു മനുഷ്യന്റെ നന്മ വറ്റിപ്പോകുന്നതിന്റെ സാഹചര്യങ്ങൾ എന്തൊക്കെയാണ്:**

a. ദൈവസ്നേഹം കുറയുന്നു
b. നന്മതന്നെയായ ദൈവത്തോടുള്ള സാമീപ്യം കുറയുന്നതനുസരിച്ച് എന്റെ ഉള്ളിലെയും നന്മ വറ്റിക്കൊണ്ടിരിക്കും, മഴ കുറയുന്നതനുസരിച്ച് ഭൂമിയിലെ ജലാംശം വറ്റിപ്പോകുന്നതുപോലെ.
c. മനുഷ്യരോടുള്ള നമ്മുടെ സ്നേഹവും കരുതലും കുറഞ്ഞുപോകുന്ന കാലത്താണ് നമ്മൾ ജീവിക്കുന്നത്.
d. മറ്റുള്ളവരേക്കാളാധികം എന്റെ സുഖവും എന്റെ സന്തോഷവും എന്നുള്ള സ്വാർത്ഥമായ വിചാരങ്ങളിൽ പെട്ടുപോകുന്നു ഇന്നത്തെ മനുഷ്യർ.

ദൈവമേ എന്നിൽ നന്മ വറ്റിപ്പോകാൻ ഒരിക്കലും അനുവദിക്കരുതേ എന്ന് നമുക്കു മുട്ടിപ്പായി പ്രാർത്ഥിക്കാം.

**2. സന്ദേഹിയാകുന്ന ദൈവം**

വി. ലൂക്കായുടെ സുവിശേഷം 18,8 ലാണ് മനുഷ്യനെ അവിശ്വസിക്കുന്ന ദൈവത്തെ നാം കാണുക. അവർക്കു വേഗം നീതി നടത്തിക്കൊടുക്കും എന്ന് ഞാൻ നിങ്ങളോടു പറയുന്നു, എങ്കിലും മനുഷ്യപുത്രൻ വരുമ്പോൾ ഭൂമിയിൽ വിശ്വാസം കണ്ടെത്തുമോ? തന്റെ രണ്ടാമത്തെ വരവിനോടു ചേർന്ന് മനുഷ്യനിൽ ഉണ്ടാവേണ്ട വിശ്വാസവും ആത്മീയതയും നഷ്ടപ്പെട്ടു പോകുമോ എന്നു സംശയിക്കുന്ന ഭയപ്പെടുന്ന ഒരു പാവം ദൈവം.

എന്നിട്ടും രണ്ടായിരം വർഷങ്ങളായി ക്രിസ്തുവിന്റെ ഈ സന്ദേഹത്തിനു ശേഷവും മനുഷ്യരിൽ വാരിക്കോരി നന്മ വർഷിക്കുന്ന ദൈവത്തെയാണ് ചരിത്രം നമുക്കു മുമ്പിൽ അവതരിപ്പിക്കുക. വാരിക്കോരി അനുഗ്രഹങ്ങൾ നല്കുകയും മനുഷ്യന്റെ കുറവുകളും പരിഗണിക്കാതെ ഓരോ പ്രാർത്ഥനയിലും ഓരോ വി. കുർബ്ബാനയിലും ഓരോ ധ്യാനകേന്ദ്രങ്ങളിലും അനുഗ്രഹങ്ങളുടെ പെരുമഴ പെയ്യിക്കുന്ന ദൈവസ്നേഹത്തെയോർത്ത് ധ്യാനിക്കുക.

**3. പ്രതിനന്ദി പ്രതീക്ഷിക്കുന്ന ദൈവം.**

എന്താവും ദൈവം പ്രതീക്ഷിക്കുന്ന പ്രതിനന്ദി? അത് നമ്മുടെ വിശുദ്ധമായ ജീവിതം തന്നെയാണ്. ന്യായാധിപന്റെ ജീവിതത്തോട് ചേർത്ത് ചിന്തിച്ചാൽ, ഒന്ന് ദൈവത്തോടുള്ള സ്നേഹം, രണ്ട്, മനുഷ്യരോടുള്ള തികഞ്ഞ ആത്മാർത്ഥതയും നന്ദിയും.

എന്നെയോർത്ത് വാരിക്കോരി അനുഗ്രഹങ്ങൾ തന്നിട്ടും എന്നെയോർത്ത് ദുഃഖിക്കുന്ന, എന്റെ വിശ്വാസക്കുറവിനെയോർത്ത് സങ്കടപ്പെടുന്ന ഒരു ദൈവം എനിക്കുണ്ടോ? ദൈവമേ, നീ നല്കുന്ന നന്മകളുടെ നടുവിൽ നിന്നുകൊണ്ട് മരിക്കുവോളം വിശ്വാസത്തിലും ആത്മീയതയിലും സ്ഥിരതയുള്ളവരായി ജീവിക്കുവാൻ എന്നെ അനുഗ്രഹിക്കണമേ. ആമ്മേൻ.

**- ഫാ. അജോ രാമച്ചനാട്ട്**